# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.167 03.05.2017 - ൽ മറുപടിയ്ക്ക്

## ജനറിക് മരുന്നുകൾ വില്ക്കാൻ ഔട്ട് ലെറ്റുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ :<br>ശ്രീ.സി.ദിവാകരൻ :<br>ശ്രീമതി ഗീതാ ഗോപി :<br>ശ്രീമതി. സി.കെ. ആശ : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി ) |
| (എ) സംസ്ഥാനത്ത് ജനറിക് മരുന്നുകൾ വില്ക്കാൻ "കേരള ജനറിക്സ്" എന്ന പേരിൽ ഔട്ട് ലെറ്റുകൾ തുടങ്ങുന്നതിന് പദ്ധതിയുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര ഇനം ജനറിക് മരുന്നുകൾ ലഭ്യമാക്കാനാണ് പദ്ധതിയെന്നും ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അധീനതയിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി 111 ഇനം മരുന്നുകളാണ് കേരള ജനറിക്സ് കൗണ്ടർ വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഇതിനാവശ്യമായ മരുന്ന സംഭരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ആദ്യപടിയായി 111 ഇനം ബ്രാൻഡഡ് ജനറിക് മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന സംഭരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 94 ഇനം മരുന്നുകളുടെ സംഭരണപ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ മരുന്നു കൾക്കും ആനുപാതികമായി പരമാവധി 3 വിതരണക്കാരുടെയെങ്കിലും ബ്രാൻഡഡ് ജനറിക്സ് ആണ് സംഭരണത്തിലുൾപ്പെടുത്തിയിരിക്കുന്നത്. 94 മോളിക്യൂൾസിനുവേണ്ടി 190 ബ്രാൻഡഡ് ജനറിക് മരുന്നുകൾക്ക് വിതരണാനുമതി നൽകിക്കഴിഞ്ഞു.<br>പദ്ധതിയുടെ ആദ്യപടിയായി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കിക്കൊണ്ട് പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ